പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1621 04-12-2018-ലെ മറുപടിയ്ക്ക്

## പ്രളയത്തിൽ കാർഷിക നഷ്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയം മൂലം കർഷകർക്ക് ഉണ്ടായ നഷ്ടം എത്രയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | 2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | കർഷകർക്ക് ഉണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിനും തുടർ കൃഷിക്ക് ആവശ്യമായ സാഹചര്യം ഒരുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (ബി) | പ്രളയത്തിൽ നെൽകൃഷി നശിച്ച് പോയ മുഴുവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിന് 5650.85 മെട്രിക് ടൺ വിത്ത് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഈ വകയിൽ കർഷകർക്ക് 22.6 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പം ഒരു കോടി പച്ചക്കറിതൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ 50 ലക്ഷം പച്ചക്കറിവിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കൃഷിയിടങ്ങളിലേക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ, 43,100 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടർ ഒന്നിന് 5400 രൂപ നിരക്കിൽ വിതരണം ചെയ്തു. ഈ ഇനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10,000 ഹെക്ടർ സ്ഥലത്തേയ്ക്ക് കൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ, 12 ലക്ഷം വേരുപിടിപ്പിച്ച കുരുമുളക് തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ 364.5 മെട്രിക് ടൺ നടീൽ വസ്തുക്കളും, ജാതി, ഗ്രാമ്പു എന്നിവയുടെ 15800 തൈകളും സൗജന്യനിരക്കിലും കർഷകർക്ക് ലഭ്യമാക്കി. 22 ലക്ഷം വാഴക്കന്നുകൾ വാങ്ങുന്നതിലേയ്ക്കായി, |

| | | | |
|---|---|---|---|
| | | | സബ്സിഡി നിരക്കിൽ ആകെ 2.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>മഴക്കെടുതി മൂലം ദുരിതത്തിലായ കർഷകർ എടുത്തിട്ടുള്ള എല്ലാ വിധ വായ്പകളിന്മേലുമുള്ള ജപ്തിനടപടികൾക്ക് 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു.<br><br>വളത്തിന്റെ ലഭ്യത ഉറപ്പാക്കുവാനായി കേന്ദ്ര സർക്കാരിൽ കേരളത്തിലെ കൃഷി വിസ്തീർണ്ണത്തിന്റെ അനുപാതത്തിനും കഴിഞ്ഞ വർഷത്തെ വളത്തിന്റെ ഉപഭോഗത്തിനും അനുസരിച്ച് കണക്കുകൾ സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസത്തിലേക്കും കൃഷി വകുപ്പ് ആവശ്യപ്പെട്ട വളങ്ങൾ അനുവദിക്കുകയും ചെയ്തു. ഇതിനു പുറമെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം യൂറിയ അനുവദിക്കുകയും ചെയ്തു. |

**സെക്ഷൻ ഓഫീസർ**